## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4985 | 27.10.2016-ൽ മറുപടി പറയേണ്ടിയിരുന്നത്

### <u>തുറമുഖവകുപ്പിന് കീഴിലുള്ള കടവുകളിൽ മണൽഖനനവും വിപണനവും</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. രാജഗോപാൽ | | ശ്രീ. രാമചന്ദ്രൻകടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, കാസർഗോഡ് ഹാർബറുകളിലെ മണലെടുപ്പ് സ്വകാര്യ /സഹകരണ ഏജൻസികളെ ഒഴിവാക്കി ഹാർബർ വകുപ്പിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തി സർക്കാരിലേയ്ക്ക് കൂടുതൽ വരുമാനം മുതൽ കൂട്ടാൻ നടപടികൾ സ്വീകരിക്കുമോ; മണലെടുപ്പ് തൊളിലാളികൾക്ക് തൊഴിൽ ഉറപ്പ് നൽകാൻ കഴിയുന്ന തരത്തിൽ ഇടത്തരക്കാരെയും ബിനാമികളെയും ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) | കാസർഗോഡ്-ചെറുവത്തൂർ തുറമുഖങ്ങൾ ഉൾപ്പെടെ തുറമുഖ വകുപ്പിന് കീഴിൽ വരുന്ന കേരളത്തിലെ എല്ലാ തുറമുഖങ്ങളിലെയും മാന്വൽ ഡ്രെഡ്ജിംഗിനായി ഒരു പുതിയ നയം രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് തുറമുഖ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, നിലവിലെ മാന്വൽ ഡ്രെഡ്ജിംഗ് ടെൻഡറിൽ പങ്കെടുത്ത എല്ലാ സഹകരണ സംഘങ്ങളുടെയും പ്രതിനിധികളെ 23-09-2016-ൽ കേൾക്കുകയുണ്ടായി. അതിനുശേഷം കരട് നയം തയ്യാറാക്കി തുറമുഖ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>അതത് മേഖലയിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരം മണൽ വാരൽ തൊഴിലാളികളെ ഉപയോഗിച്ച് മാന്വൽ ഡ്രെഡ്ജിംഗ് നടത്തുന്നതിനാണ് പുതിയ നയം ലക്ഷ്യമിടുന്നത്. എന്നാൽ, ഇതിന് അന്തിമ രൂപമായിട്ടില്ല. ഇത്തരത്തിൽ മാന്വൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ ബിനാമി ഇടപാടുകാരെ നിയന്ത്രിക്കുന്നതിനും സർക്കാരിനുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിലുറപ്പ് നല്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ